**അടിയന്തിരം**

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3-4620/2019/സിഇ/തസ്വഭവ** **തീയതി 02/12/2019**

# പരിപത്രം

വിഷയം : തസ്വഭവ (സാങ്കേതിക വിഭാഗം) - റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗിച്ച് ടാറിംഗ് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന : 1) 19.03.2019, 22.02.2018 എന്നീ തീയതികളിലെ ഇതേ നമ്പർ പരിപത്രം
2) 26.04.2019-ലെ ഇതേ നമ്പർ പരിപത്രം

സർക്കാരിൽ നിന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ സൂചനകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗിച്ച് ടാറിംഗ് ചെയ്യുന്നതിന് ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നൂതന പ്രോജക്ടുകളോടൊപ്പം ഈ വകുപ്പിൽ നിന്നും ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്യുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾ ഒരു പദ്ധതിയായി ഉൾപ്പെടുത്തുകയും, ഷ്രഡ്ഡഡ് പ്ലാസ്റ്റിക് വിനിയോഗിച്ച് ചെയ്യുന്ന റോഡ് പ്രവൃത്തികളുടെ വിവരങ്ങൾ മോണിറ്റർ ചെയ്ത് വരികയുമാണ്. ഇതിനായി എല്ലാമാസവും അതുവരെ ഈ സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കപ്പെട്ട ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ തൂക്കം (കിലോഗ്രാമിൽ), ഷ്രഡ്ഡഡ് പ്ലാസ്റ്റിക് വിനിയോഗിച്ച് ചെയ്തിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തിയുടെ നീളം, എണ്ണം, പ്രവൃത്തിയുടെ ആകെ തുക എന്നീ വിവരങ്ങൾ ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുമുള്ള വിവരങ്ങൾ ജില്ലാപഞ്ചായത്തിൽ ക്രോഡീകരിച്ചും, കോർപ്പറേഷനുകളിൽ നിന്നും നേരിട്ടും സമർപ്പിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിൽ 20% റോഡ് ടാറിംഗ് പ്രവൃത്തികളുടെ എണ്ണത്തിൽ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് നിർദ്ദേശിച്ചിരുന്നത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കണക്ക് സമർപ്പിച്ചിരുന്ന പ്രകാരം സംസ്ഥാനത്തൊട്ടാകെ 500 ടൺ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ആണ് ഈ സാമ്പത്തികവർഷം വിനിയോഗിക്കേണ്ടത്. ഈ സാമ്പത്തികവർഷം ഇതുവരെ 20.315 ടൺ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

റോഡ് പ്രവൃത്തികളിൽ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗിച്ച് ടാറിംഗ് നടപ്പിലാക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി ജില്ലാപഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റിയെ എല്ലാ മാസവും കമ്മിറ്റി കൂടി പ്രവൃത്തികളിൽ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ടെന്ന് കൃത്യമായും ഉറപ്പുവരുത്തേണ്ടതാണ്.

2020-21 സാമ്പത്തികവർഷത്തിലേയ്ക്ക് പദ്ധതി രൂപീകരിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ചെയ്യാനുദ്ദേശിക്കുന്ന ആകെ ടാറിംഗ് പ്രവൃത്തികളുടെ എണ്ണത്തിന്റെ 30% പ്രവൃത്തികളിലും നിർബന്ധമായും ഷ്രഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്. ഇത് കൃത്യമായി പാലിക്കപ്പെടുന്നുള്ളത് അതാത് സാങ്കേതികാനുമതി അനുവദിക്കുന്ന ഉദ്യോഗസ്ഥൻ നിർബന്ധമായും ഉറപ്പ് വരുത്തിയിരിക്കണം.

ഈ സാമ്പത്തികവർഷത്തിലേയ്ക്ക് ആവശ്യമായിവരുന്ന ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിയുടെപക്കൽ നിന്നും വാങ്ങുന്നതിന് സജ്ജമാണ്.

ചീഫ് എഞ്ചിനീയർ

P 1291